കേരള സർക്കാർ

നം.REV–P1/313/2021–REV
റവന്യൂ (പി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 10.12.2021

## സർക്കുലർ

വിഷയം:- 2008–ലെ കേരള നെൽവയൽ–തണ്ണീർത്തട സംരണ നിയമവും ചട്ടങ്ങളും – ചില വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന്മേലുള്ള സ്പഷ്ടീകരണം നൽകുന്നത് – സംബന്ധിച്ച്.

സൂചന:- 1) ലാൻഡ് റവന്യൂ കമ്മീഷണറുടെ 26.11.2021, 23.10.2021 തീയതികളിലെ, യഥാക്രമം, LR A4 – 6603/21, LR A4 – 4038/2021, നം. റിപ്പോർട്ടുകൾ

2) ബഹു.കേരള ഹൈക്കോടതിയുടെ, 22.10.2021–ലെ WP(C) 3797/2020 & Connected Cases–കളിന്മേലുള്ള വിധിന്യായം.

3) ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29.11.2021–ന് ചേർന്ന യോഗം.

************************

കേരള നെൽവയൽ–തണ്ണീർത്തട സംരക്ഷണ നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച്, സൂചന (1)–ലൂടെ ആവശ്യപ്പെട്ട സ്പഷ്ടീകരണത്തിന്മേലും, സൂചന (2)–ലെ ബഹു.കേരള ഹൈക്കോടതിയുടെ വിധിന്യായത്തിന്മേലും തീരുമാനം കൈക്കൊള്ളുന്നതിനായി, സൂചന (3) പ്രകാരം ചേർന്ന യോഗതീരുമാനപ്രകാരം, ചുവടെ ചേർത്തിട്ടുള്ള സ്പഷ്ടീകരണങ്ങൾ പുറപ്പെടുവിക്കുന്നു.

- കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം, 'വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി' യുടെ റവന്യൂ രേഖകളിലെ തരം മാറ്റത്തിനായി, ടി നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള ചട്ടപ്രകാരമുള്ള, ഫാറം 9–ൽ അപേക്ഷ സമർപ്പിച്ച് ഉത്തരവാകുന്ന കേസുകളിൽ, വകുപ്പ് 27 എ(2) പ്രകാരമുള്ള ജലസംരക്ഷണ നടപടികൾ സ്വീകരിക്കേണ്ടതില്ല.

- അപേക്ഷകന്റെ തണ്ടപ്പേരിലോ, കൂട്ടുതണ്ടപ്പേരിലോ, 30.12.2017–ന് മുമ്പായോ അതിന് ശേഷമോ ആർജിച്ച ഭൂമി, നിലമായോ പുരയിടമായോ നിലവിൽ കൈവശം ഉണ്ടെങ്കിലും, അപേക്ഷവസ്തു, 30.12.2017 തീയതി പ്രാബല്യത്തിൽ 25 സെന്റിൽ അധികരിക്കാത്തതും വിജ്ഞാപനം ചെയ്യപ്പെടാത്തതുമായ ഭൂമിയാണെങ്കിൽ (വില്ലേജ് രേഖകളിൽ നെൽവയൽ/ തണ്ണീർത്തടം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും എന്നാൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമി), സൗജന്യ നിരക്കിലുള്ള തരം മാറ്റം അനുവദിക്കാവുന്നതാണ്. അപേക്ഷകന്റെ കൈവശം മറ്റു തരത്തിലുള്ള ഭൂമിയുണ്ടാവാൻ പാടില്ലെന്ന് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ,

അക്കാര്യം പരിഗണിക്കേണ്ടതില്ല.

- എൽ.എൽ.എം.സി ഡാറ്റാ ബാങ്കിൽ നിന്ന് ഒഴിവാക്കി നൽകിയ ഭൂമിയുടെ സ്വഭാവ വ്യതിയാനത്തിനായി, ഫോറം 6-ൽ സമർപ്പിക്കപ്പെടുന്ന അപേക്ഷയിന്മേൽ, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലും ചട്ടങ്ങളിലും, നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം തന്നെ തുടർന്നും നടപടി സ്വീകരിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പ്രസിദ്ധീകരിച്ചിട്ടുള്ള ഡാറ്റാബാങ്കിലെ തെറ്റ് തിരുത്തുന്നതിനായുള്ള അധികാരം, ചട്ടം 4(ഡി) പ്രകാരം ആർ.ഡി.ഒ മാർക്കും, ചട്ടം 4(6) പ്രകാരം എൽ.എൽ.എം.സി ക്കുമുണ്ട്. ആയതിനാൽ, ചട്ടം അനുശാസിക്കുന്ന പ്രകാരം, ഡാറ്റാബാങ്കിൽ നിന്നും എൽ.എൽ.എം.സി ഒഴിവാക്കി വിജ്ഞാപനം ചെയ്തിട്ടുള്ള പക്ഷം, പ്രസ്തുത ഭൂമി സംബന്ധിച്ച് ഫാറം 6-ൽ ലഭിക്കുന്ന അപേക്ഷ, 27A വകുപ്പിൽ പറഞ്ഞിട്ടുള്ള പ്രകാരമുള്ള പരിശോധന നടത്തി, ആർ.ഡി.ഒ-മാർക്ക് ഉചിതമായ തീരുമാനമെടുക്കാവുന്നതാണ്.

- 30.12.2017-ന് മുമ്പ് 25 സെന്റിൽ താഴെ വിസ്തീർണ്ണമുണ്ടായിരുന്ന വസ്തു, അതിന് ശേഷം, കോടതിവിധി, രജിസ്റ്റേർഡ് ഡോക്യുമെന്റ്, പിന്തുടർച്ചാവകാശ പോക്കുവരവ് എന്നിവയിലേതെങ്കിലും മുഖേന വിസ്തീർണ്ണം അധികരിച്ചതും, ഉടമസ്ഥാവകാശം സിദ്ധിച്ചതുമായ കേസുകളിൽ, 30.12.2017-ന് 25 സെന്റിൽ അധികരിക്കാതെ വിസ്തീർണ്ണമുള്ള 'വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി'ക്ക്, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സൗജന്യ തരം മാറ്റത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. മേൽ പരാമർശിച്ച പ്രകാരം, 30.12.2017-ന് ശേഷം 25 സെന്റിൽ കൂടുതൽ വിസ്തീർണ്ണം അധികരിച്ചിട്ടുണ്ടോ എന്നത് പരിഗണിക്കേണ്ടതില്ല.

- സർവ്വേ ചെയ്യപ്പെടാത്ത വില്ലേജുകളിലെ ഭൂമികളുടെ സ്വഭാവ വ്യതിയാനത്തിന് അനുമതി നൽകുമ്പോൾ, പ്രസ്തുത ഭൂമിയുടെ, സെറ്റിൽമെൻറ് രജിസ്റ്റർ, ബി.റ്റി.ആർ എന്നിവയിലെ രേഖപ്പെടുത്തലുകളും, കൈവശവും പരിശോധിച്ചും, കൂടാതെ, 2008 കാലഘട്ടത്തിലുള്ള ഭൂമിയുടെ സ്ഥിതി വിവരം സംബന്ധിച്ചുള്ള KSREC-യുടെ റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ചും, സ്വഭാവ വ്യതിയാനത്തിന് അനുമതി നൽകുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളേണ്ടതാണ് .

- കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരം, ഡാറ്റാബാങ്കിൽ നിന്നും ഒഴിവാക്കുന്നതിനായി, പ്രാദേശികതല നിരീക്ഷണ സമിതി മുൻപാകെയോ, റവന്യൂ ഡിവിഷണൽ ആഫീസർക്കോ ഫാറം 5-ൽ അപേക്ഷ സമർപ്പിച്ച്, പ്രസ്തുത ഭൂമി ഡാറ്റാബാങ്കിൽ നിന്നും ഒഴിവാക്കി ഉത്തരവാകുന്ന പക്ഷം മാത്രം, അപ്രകാരമുള്ള ഭൂമിയുടെ സ്വഭാവവ്യതിയാനത്തിനായി, 27(എ) വകുപ്പ് പ്രകാരം നടപടി സ്വീകരിച്ചാൽ മതിയാകുന്നതാണ്.

- കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, 'വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി'യുടെ സ്വഭാവ വ്യതിയാനം അനുവദിക്കുമ്പോൾ, ബഹു.കേരള ഹൈക്കോടതിയുടെ, 22.10.2021-ലെ WP(C)3797/2020 & Connected Cases-കളിന്മേലുള്ള വിധിന്യായം പാലിച്ച

കൊണ്ട് അപേക്ഷകൾ തീർപ്പാക്കേണ്ടതാണ്. 25.02.2021-ന് മുൻപ് തീർപ്പുകൽപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ച അപേക്ഷകൾ ഒഴികെയുള്ള മുഴുവൻ അപേക്ഷകളിലും, 21.04.2021-ലെ SRO 369/2021-ലുള്ള വ്യവസ്ഥകൾ പ്രകാരം, സൗജന്യ തരം മാറ്റത്തിനും, പുതുക്കിയ നിരക്കിലുള്ള ഫീസിനും, അർഹത ഉണ്ടായിരിക്കുന്നതാണ്.

1) ലാൻഡ് റവന്യൂ കമ്മീഷണർ
2) ജില്ലാ കളക്ടർമാർ/റവന്യൂ ഡിവിഷണൽ ഓഫീസർമാർ (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)
3) കൃഷി വകുപ്പ്
4) നിയമ വകുപ്പ്
5) വിവരവും പൊതുജന സമ്പർക്കവും വകുപ്പ് (വേണ്ടത്ര പ്രചാരണത്തിന്)
6) കരുതൽ ഫയൽ / ഓഫീസ് കോപ്പി

**ഡോ. എ ജയതിലക് ഐ.എ.എസ്**
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എ യ്ക്ക്
ഡെപ്യൂട്ടി സെക്രട്ടറിയുടെ സി എ യ്ക്ക്